പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3688 24/06/2014-ൽ മറുപടിക്ക്

# ബാരാപ്പോൾ ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, റ്റി.വി. രാജേഷ്<br>,, കെ.കെ. നാരായണൻ<br>,, ഇ.പി. ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ പണിനടന്നുവരുന്ന ബാരാപ്പോൾ ജല വൈദ്യുത പദ്ധതിയുടെ നിലയ നിർമ്മാണപ്രവർത്തനങ്ങളുടെ സ്ഥിതി എന്താണ്; | (എ) കണ്ണൂർ ജില്ലയിലെ ബാരാപ്പോൾ ജല വൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ നിർമ്മാണ പ്രവർത്തനം 80% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ യന്ത്ര സാമഗ്രികൾ സപ്ലൈ ചെയ്തുകൊണ്ടിരിക്കുന്നു. ജനറേറ്ററുകൾ ഇ.ഒ.റ്റി. ക്രെയിൻ തുടങ്ങിയവ പണിസ്ഥലത്തെത്തിയിട്ടുണ്ട്. Erection ജോലികൾ ജൂലൈ ആദ്യം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതി ഗ്രിഡിലെത്തിക്കുന്നതിനുള്ള പ്രസരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ ആയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)യും (സി)യും**<br>പ്രസ്തുത പദ്ധതിയിൽനിന്ന് ലഭ്യമാകുന്ന വൈദ്യുതി 33 കെ.വി യൂ.ജി. കേബിൾ വഴി ഇരിട്ടി സബ്സ്റ്റേഷനിൽ എത്തിക്കുന്നതിന് ബോർഡ് 25/03/2014-ൽ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | |
| (ഡി) പ്രസ്തുത പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) 2014 ഒക്ടോബറോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ